# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

A1/364/16

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ്
ബാലുശ്ശേരി, കോഴിക്കോട്.
Ph-0496- 2646342
Email-gcbalussery.dce@kerala.gov .in

തീയതി: 23.03.2022

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

ഡയറക്ടർ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക് നോളജി
NIT ക്യാമ്പസ് പി.ഒ,
കോഴിക്കോട്

സർ,

വിഷയം:- ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ് ബാലുശ്ശേരി-കോളേജിലെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്

സൂചന:- സി2/63/ 2021/ ഉ.വി. വ. തീയതി 21-03-2021, തിരുവനന്തപുരം

ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് & സയൻസ് കോളേജിൽ ഇപ്പോൾ KIIFB ഫണ്ട് ഉപയോഗിച്ച് KITCO യുടെ മേൽനോട്ടത്തിൽ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

മൂന്ന് നിലകളായുള്ള അക്കാഡമിക് ബ്ലോക്കിൽ ഒരു ഫാനിന്റെ മൂന്ന് ഇതൾ പോലുള്ള നിർമ്മാണം ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഒരു ഭാഗത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം 2019 ൽ PWD പൂർത്തിയാക്കി കോളേജിന് കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ, PWD മേൽനോട്ടത്തിൽ നിർമ്മാണം 2019 ൽ നടത്തിയ ഈ ഗ്രൗണ്ട് ഫ്ലോറിന്റെ മുകളിൽ ഉള്ള ഒന്നാം നിലയും ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ ഈ ഒന്നാം നിലയുടെ നിർമ്മാണം നടക്കുമ്പോൾ KITCO ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കത്ത് നൽകുകയും (സീസ്മിക് കോഡ് IS 1893 :2016 & IS 13920 :2016) അതിൻ പ്രകാരം PWD ഗ്രൗണ്ട് ഫ്ലോർ ചെയ്ത ഭാഗങ്ങളിൽ രണ്ടു നിലകൾ (G + 2) നിർമ്മിക്കാൻ സാധിക്കില്ല എന്നും അതിനാൽ ഒന്നാം നിലയിൽ രണ്ടാം നിലക്കാവശ്യമായ സങ്കൻ സ്ലാബ് ഇടാൻ കഴിയില്ല എന്നറിയിക്കുകയും ചെയ്തു. എന്നാൽ മാസ്റ്റർ പ്ലാൻ പ്രകാരം എല്ലാ ഫ്ളോറും G + 2 ആയതിനാൽ KITCO യുടെ മേൽ കത്തിന്റെ

കാര്യം കോളേജ് വിദ്യാഭ്യാസ വകുപ്പിനെയും, MLA വഴി ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും അതിൻ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-03-2022 ന് കൂടിയ യോഗത്തിൽ PWD പൂർത്തീകരിച്ച ഗ്രൗണ്ട് ഫ്ലോറിന്റെ മുകളിൽ ഒന്നാം നിലയുടെ നിർമ്മാണങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ KITCO യോട് ആവശ്യപെടുകയും ചെയ്തു. മാത്രവുമല്ല നിലവിലെ കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് വിദഗ്ധാഭിപ്രായം ലഭ്യമാക്കുന്നതിലേക്കായി കോഴിക്കോട് NIIT യെ സമീപിക്കാനും നിർദ്ദേശിക്കുകയുണ്ടായി.

ആയതിനാൽ അങ്ങയുടെ ഭാഗത്തു നിന്നും നമ്മുടെ കോളേജിന്റെ മേൽ പ്രസ്താവിച്ച നിർമ്മാണ പ്രവർത്തികളിലേക്ക് അടിയന്തിര ശ്രദ്ധ ഉണ്ടായി PWD പണികഴിപ്പിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോറിന്റെ മുകളിൽ നിലവിൽ നിർമ്മിക്കുന്ന ഒരു നിലക്ക് മുകളിൽ അടുത്ത (G+2) നില കൂടി നിർമ്മിക്കാൻ ആവശ്യമായിട്ടുള്ള നടപടികളിലേക്ക് നയിക്കാൻ ഉതകുന്ന തരത്തിലുള്ള സാങ്കേതിക ഉപദേശ നിർദേശങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# Approval Valid

Digitally Approved By
Dr. S.J Shabu
Date: 23.03.2022
Reason: Approved

വിശ്വസ്തതയോടെ

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി